പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 589 — 12.06.2012-ലെ മറുപടിയ്ക്ക്

**മട്ടന്നൂർ വെള്ളിയാമ്പറമ്പിലെ കിൻഫ്രയുടെ വ്യവസായ കേന്ദ്രത്തിന് ഭൂമി ഏറ്റെടുക്കൽ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വെള്ളിയാമ്പറമ്പിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള വ്യവസായ വളർച്ചാ കേന്ദ്രം സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായിയെന്നും എപ്പോൾ പൂർത്തികരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (എ) ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽപ്പെടുത്തിയാണ് മട്ടന്നൂർ വ്യവസായ പാർക്കിന് സ്ഥലം ഏറ്റെടുക്കുന്നത് .അതുപ്രകാരം ജില്ലാതല വിലനിർണ്ണയ സമിതി കാറ്റഗറി തിരിച്ച് ഭൂമിയുടെ വില നിർണ്ണയിച്ചത് സർക്കാർ അംഗീകരിച്ചു ഉത്തരവു പുറപ്പെടുവിച്ചു. എന്നാൽ അക്വിസിഷനെതിരായി 61 ഭൂവുടമകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C).8102/2009 നമ്പർ റിട്ട് പെറ്റീഷനിൽ ഭൂമി ഏറ്റെടുക്കുന്നതിന് മുൻപ് ഹൈക്കോടതിയുടെ അനുമതി വാങ്ങിയിരിക്കണമെന്ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് കോടതിയുടെ അനുമതി തേടികൊണ്ട് കിൻഫ്ര കോടതിയിൽ സമർപ്പിച്ച അപേക്ഷയിൽ അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) വ്യവസായ വളർച്ചാ കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കിൻഫ്ര കൈകൊണ്ട അനുബന്ധ നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് ഭൂമി കിൻഫ്രക്ക് ലഭിച്ച ശേഷം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ